# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 02.08.2025**

## പ്രധാനവാർത്തകൾ

1) പി.എം. കിസാൻ സമ്മാൻ നിധിയുടെ 20-ാം ഗഡു പ്രധാനമന്ത്രി നരേന്ദ്രമോദി വിതരണം ചെയ്തു ; 9.7 കോടി കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് 20,500 കോടിയിലേറെ രൂപ കൈമാറി.
2) സാമൂഹിക പുരോഗതിയ്ക്കായുള്ള സാംസ്കാരിക ഊർജം പകരുന്നതിൽ മലയാള സിനിമ വലിയ സംഭാവനകൾ നൽകിയതായി മുഖ്യമന്ത്രി പിണറായി വിജയൻ ; കേരള ഫിലിം പോളിസി കോൺക്ലേവിന് തിരുവനന്തപുരത്ത് തുടക്കം.
3) ഛത്തീസ്ഗഢിൽ അറസ്റ്റിലായ മലയാളി കന്യാസ്ത്രീകൾക്ക് ജാമ്യം അനുവദിച്ച്.എൻ.ഐ.എ കോടതി.
4) സംസ്ഥാനത്ത് ഇന്ന് മുതൽ മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് ; ആലപ്പുഴ, എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിൽ മഞ്ഞ ജാഗ്രത; കടൽ പ്രക്ഷുബ്ധമാകുമെന്നും മുന്നറിയിപ്പ്.
5) ഇംഗ്ലണ്ടിനെതിരായ അഞ്ചാം ടെസ്റ്റിന്റെ മൂന്നാം ദിനമായ ഇന്ന് ഇന്ത്യ രണ്ടാം ഇന്നിംഗ്സ് ബാറ്റിംഗ് പുനരാരംഭിക്കും.

*****************************************************************

RIU TVPM

## പി.എം - വാരാണസി (ഇൻട്രോ)

പിഎം കിസാൻ സമ്മാൻ നിധിയുടെ 20-ആം ഗഡു പ്രധാനമന്ത്രി നരേന്ദ്രമോദി വാരാണസിയിൽ നിന്ന് വിതരണം ചെയ്തു. 9.7 കോടി കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് 20,500 കോടിയിലേറെ രൂപയാണ് കൈമാറിയത്. വാരാണസിയിൽ 2,200 കോടി രൂപയുടെ വികസന പദ്ധതികൾക്കും പ്രധാനമന്ത്രി തുടക്കം കുറിച്ചു. കർഷകരുടെ ക്ഷേമത്തിനായി സർക്കാർ അക്ഷീണം പ്രവർത്തിക്കുന്നുവെന്നും, പി എം കിസാൻ സമ്മാൻ നിധി സർക്കാരിന്റെ ശക്തമായ ഇച്ഛാശക്തിയുടെ ഉദാഹരണമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ്-വോയ്സ്)

റോഡ് വികസന പദ്ധതികൾ, റെയിൽ പദ്ധതികൾ എന്നിവയുടെ ഉദ്ഘാടനത്തിന് പുറമേ, 880 കോടി രൂപയുടെ ഊർജ്ജ വിതരണ പദ്ധതിയുടെ ശിലാസ്ഥാപനവും വാരാണസിയിൽ പ്രധാനമന്ത്രി നിർവഹിച്ചു.

RNUTVPM

*************************************************************************

## ഫിലിം പോളിസി കോൺക്ലേവ്

കേരളത്തിൻറെ സാമൂഹിക പുരോഗതിയ്ക്കുവേണ്ട സാംസ്കാരിക ഊർജം പകരുന്നതിൽ മലയാള സിനിമ വലിയ സംഭാവനകൾ നൽകിയതായി മുഖ്യമന്ത്രി പിണറായി വിജയൻ. കേരള ഫിലിം പോളിസി കോൺക്ലേവ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. സിനിമാ നയ രൂപീകരണം ശ്രദ്ധേയമായ ചുവടുവയ്പ്പാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. മന്ത്രി സജി ചെറിയാൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ മന്ത്രി വി ശിവൻകുട്ടി, ചലച്ചിത്ര താരങ്ങളായ മോഹൻ ലാൽ,സുഹാസിനി, ഓസ്കർ ജേതാവ് റസൂൽ പൂക്കുട്ടി തുടങ്ങിയവർ പങ്കെടുത്തു. രണ്ട് ദിവസം നീണ്ടു നിൽക്കുന്ന കേരള ഫിലിം പോളിസി

കോൺക്ലേവിൽ ഒൻപത് വിവിധ വിഷയങ്ങളിലായുള്ള പാനൽ ചർച്ചകൾ നടക്കും. ജനാധിപത്യപരമായ, പങ്കാളിത്ത സ്വഭാവമുള്ള സിനിമാ നയരൂപീകരണം ലക്ഷ്യമാക്കിയാണ് സർക്കാർ ഫിലിം പോളിസി കോൺക്ലേവ് സംഘടിപ്പിക്കുന്നത്. കോൺക്ലേവിൽ രൂപീകരിക്കുന്ന സിനിമാ നയം സർക്കാരിന് സമർപ്പിക്കും.

**********************************************************************

## ഉർവശി (ഇൻട്രോ)

ദേശീയ അവാർഡ് ലഭിച്ചതിൽ സന്തോഷമുണ്ടെന്നും തനിക്ക് ലഭിച്ച എല്ലാ പുരസ്കാരങ്ങളും പ്രേക്ഷകർ അംഗീകരിച്ച് നൽകിയവയാണെന്നും മികച്ച സഹനടിക്കുള്ള, 71-ാമത് ദേശീയ ചലച്ചിത്ര പുരസ്കാരം സ്വന്തമാക്കിയ **ഉർവശി ആകാശവാണി വാർത്തകളോട് പറഞ്ഞു.**

(വോയിസ്)

**********************************************************************

## മുഖ്യമന്ത്രി -എസ്.പി.സി (ഇൻട്രോ)

ജനാധിപത്യ ബോധം, മതനിരപേക്ഷ കാഴ്ചപ്പാട് , സഹജീവി സ്നേഹം, സേവന സന്നദ്ധത തുടങ്ങിയ മൂല്യങ്ങളുള്ള പുതു തലമുറയെ വാർത്തെടുക്കുന്നതിന് സ്റ്റുഡൻറ് പോലീസ് കേഡറ്റുകളുടെ പങ്ക് നിർണായകമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സ്റ്റുഡൻറ് പോലീസ് കേഡറ്റിൻറെ 15-ാം വാർഷിക ദിനത്തിൻറെ ഭാഗമായി തിരുവനന്തപുരത്ത് നടന്ന സെറിമോണിയൽ പരേഡിൽ അഭിവാദ്യം സ്വീകരിക്കുകയായിരുന്നു മുഖ്യമന്ത്രി. സമൂഹത്തെ പുരോഗമനാത്മക പാതയിലേക്ക് നയിക്കാൻ നിരവധി കാര്യങ്ങളാണ് എസ് പി സി കേഡറ്റുകൾ ചെയ്യുന്നതെന്നും ശ്രീ.പിണറായി വിജയൻ അഭിപ്രായപ്പെട്ടു.

RNU TVPM

(ഹോൾഡ് വോയ്സ്……)

********************************************************************

## ഛത്തീസ്ഗഢ് - കന്യാസ്ത്രീ

ഛത്തീസ്ഗഢിൽ അറസ്റ്റിലായ മലയാളി കന്യാസ്ത്രീകൾക്ക് ജാമ്യം അനുവദിച്ചു. എൻ ഐ എ കോടതിയുടേതാണ് വിധി. പ്രത്യേക ഉപാധികളോടെയാണ് ജാമ്യം അനുവദിച്ചിരിക്കുന്നത്. ജാമ്യ ഹർജിയിൽ എൻഐഎ കോടതി ഇന്നലെ വാദം കേട്ടിരുന്നു.

********************************************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത"എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

RNUTVPM

********************************************************************

## ഗോപിനാഥൻ നായർ അനുസ്മരണം

ആകാശവാണി മുൻ അസിസ്റ്റന്റ് സ്റ്റേഷൻ എൻജിനീയർ

എം. പി ഗോപിനാഥൻ നായർ അനുസ്മരണം നാളെ തിരുവനന്തപുരത്ത് നടക്കും. തൈക്കാട് ഭാരത് ഭവനിൽ നടക്കുന്ന പരിപാടിയിൽ മകൾ ഡോ. കമല ലക്ഷ്മിയുടെ പുസ്തക പ്രകാശനവും നടക്കും. പദ്മശ്രീ ജേതാവ് ശ്രീമതി ഓമനക്കുട്ടി അദ്ദേഹത്തിൻറെ ഭാര്യയാണ്.

********************************************************************

## കലാഭവൻ നവാസ്

അന്തരിച്ച ചലച്ചിത്രതാരം കലാഭവൻ നവാസിന്റെ ഖബറടക്കം ഇന്ന്. ആലുവ ടൗൺ ജുമാ മസ്ജിദിൽ വൈകുന്നേരം 6 മണിയോടെ ഖബറടക്കും. 4 മണി മുതൽ ആലുവ ടൗൺ ജുമാ മസ്ജിദിൽ പൊതുദർശനം ഉണ്ടാകും. ഹൃദയാഘാതമാണ് മരണകാരണമെന്നാണ് പ്രാഥമിക നിഗമനം.

**********************************************************************

## സംസ്ഥാനം-മഴ

സംസ്ഥാനത്ത് ഇന്ന് മുതൽ മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് ആലപ്പുഴ, എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ശക്തമായ കാറ്റും മോശം കാലാവസ്ഥയും കണക്കിലെടുത്ത് ലക്ഷദ്വീപ് തീരത്ത് ചൊവ്വാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

**********************************************************************

RNU TVPM

## കള്ളക്കടൽ പ്രതിഭാസം

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം കാപ്പിൽ മുതൽ പൊഴിയൂർ വരെ നാളെ വൈകുന്നേരം മുതൽ മറ്റെന്നാൾ രാത്രി വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണമെന്ന് നിർദ്ദേശമുണ്ട്.

**********************************************************************

## കണ്ണൂർ - നിരോധനം

കണ്ണൂർ, പാലക്കോട് അഴിഭാഗത്ത് മണൽതിട്ട രൂപപ്പെട്ടിരിക്കുന്നതിനാൽ പാലക്കോട്-ചൂട്ടാട് അഴിയിലൂടെയുള്ള ചെറുവള്ളങ്ങളും ഇൻബോർഡ് വള്ളങ്ങളും ഉൾപ്പെടെയുള്ള മൽസ്യബന്ധന യാനങ്ങളുടെ പ്രവേശനത്തിനും സഞ്ചാരത്തിനും രണ്ടാഴ്ചത്തേക്ക് കണ്ണൂർ ജില്ലാ കലക്ടർ നിരോധനം ഏർപ്പെടുത്തി. വലിയ തിരകൾ ഉണ്ടാകുന്ന സമയങ്ങളിൽ മണൽ തിട്ടയിലേക്ക് ബോട്ട് കയറി അപകടങ്ങൾ ഉണ്ടാകുന്ന പശ്ചാത്തലത്തിലാണ് നിരോധനം.

**********************************************************************

## ഹരിത കേരള മിഷൻ (ഇൻട്രോ)

ലോക സൗഹൃദ ദിനാചരണത്തിൻറെ ഭാഗമായി ഹരിത കേരള മിഷൻറെ നേതൃത്വത്തിൽ കണ്ണൂർ ജില്ലയിൽ വിവിധ ഇടങ്ങളിൽ ഒന്നര ലക്ഷം തൈകൾ നട്ടുപിടിപ്പിക്കുന്നു. ബ്ലോക്ക് തലത്തിലും പഞ്ചായത്ത് തലത്തിലും തൈ കൈമാറ്റത്തിന്റെ ഉദ്ഘാടനം നടക്കും.

RNU TVPM

വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി **കെ.ഒ.ശശിധരൻ...**

(വോയിസ്)

**********************************************************************

## ക്രിക്കറ്റ്

ലണ്ടനിലെ ഓവലിൽ നടക്കുന്ന ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫിയുടെ അഞ്ചാം ടെസ്റ്റിന്റെ, മൂന്നാം ദിനമായ ഇന്ന്

ഇന്ത്യ ആതിഥേയരായ ഇംഗ്ലണ്ടിനെതിരെ രണ്ടാം ഇന്നിംഗ്സ് ബാറ്റിംഗ് പുനരാരംഭിക്കും. ഇന്ത്യൻ സമയം ഉച്ചകഴിഞ്ഞ് 3:30 ന്

മത്സരം ആരംഭിക്കും. ഇന്നലെ കളി നിർത്തുമ്പോൾ, ഇന്ത്യ 52 റൺസിന്റെ ലീഡുമായി രണ്ട് വിക്കറ്റിന് 75 റൺസ് എന്ന നിലയിലാണ്.

**************************************************************************

## ആലപ്പുഴ - കെ.എസ്.ആർ.ടി.സി

ആലപ്പുഴ കെഎസ്ആർടിസി സ്റ്റാൻഡിൽ നിന്നും ആരംഭിക്കുന്ന വൈക്കം, മുഹമ്മ, തണ്ണീർമുക്കം സർവീസുകൾ നാളെ മുതൽ എസ് ഡി വി സ്കൂളിന് മുന്നിൽ നിന്നായിരിക്കും സർവീസ് നടത്തുകയെന്ന് ആലപ്പുഴ അസി. ട്രാൻസ്പോർട്ട് ഓഫീസർ അറിയിച്ചു. ജില്ലാ കോടതിയുടെ മുൻവശത്തുനിന്നും കൈചൂണ്ടി മുക്ക് വഴി മണ്ണഞ്ചേരി, മുഹമ്മ , തണ്ണീർമുക്കം, വൈക്കം എന്നിങ്ങനെയായിരിക്കും റൂട്ട്.

RNU TVPM

**************************************************************************

## കാറിന് തീ പിടിച്ചു

തിരുവനന്തപുരം, ആറ്റിങ്ങലിൽ കാറിന് തീ പിടിച്ചു. രാവിലെ ആറ്റിങ്ങൽ മാമം ചന്തയ്ക്ക് സമീപമാണ് അപകടം നടന്നത്. കാറിലെ യാത്രക്കാർ അത്ഭുതകരമായി രക്ഷപെട്ടു. കാർ ഓടുന്നതിനിടെ പെട്ടെന്ന് തീ പിടിക്കുകയായിരുന്നു.

**************************************************************************

## അറ്റ് ഹോം റിസെപ്ക്ഷൻ

സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് രാഷ്ട്രപതി ഭവനിൽ നടക്കാനിരിക്കുന്ന അറ്റ് ഹോം റിസെപ്ഷൻ" പരിപാടിയിൽ പങ്കെടുക്കുന്നതിനായുള്ള ഔദ്യോഗിക ക്ഷണക്കത്ത് ഇന്ത്യൻ തപാൽ വകുപ്പ് ലക്ഷദ്വീപിലെ മുതിർന്ന നേഴ്സായ ഹിന്ദുംബിയുടെ കവരത്തി ദ്വീപിലെ വീട്ടിൽ ചെന്ന് കൈമാറി. 2022-

2023 National Florance  Nightingele അവാർഡ് ജേതാവ് കുടിയായ നേഴ്സ് ഹിന്ദുംബിയുടെ സുദീർഘമായ പ്രവർത്തനങ്ങളെ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി മൻ കി ബാത്തിൽ പ്രശംസിച്ചിരുന്നു.

**********************************************************************

## പഠന ശിബിരം

ഭാരതീയ വിചാരകേന്ദ്രം സംസ്ഥാന പഠനശിബിരം നാളെ കണ്ണൂർ മാഹിയിൽ നടക്കും. പ്രജ്ഞാപ്രവാഹ് ദേശീയ സംയോജകൻ ജെ. നന്ദകുമാർ ഉദ്ഘാടനം ചെയ്യും. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള 14 ജില്ലകളിൽ നിന്നുള്ള 400-ലേറെ പ്രതിനിധികൾ ശിബിരത്തിൽ പങ്കെടുക്കും.

RNU TVPM

**********************************************************************

## താനൂർ - ബോട്ടപകടം

2023 മേയ് 7ന് മലപ്പുറം ജില്ലയിലെ താനൂർ തൂവൽ തീരം ബീച്ചിൽ നടന്ന ബോട്ട് അപകടത്തെക്കുറിച്ച് അന്വേഷിക്കാൻ നിയോഗിക്കപ്പെട്ട ജസ്റ്റിസ് വി.കെ. മോഹനൻ കമ്മീഷൻ, അന്വേഷണത്തിന്റെ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി പൊതുജനങ്ങളിൽ നിന്ന് നിർദേശങ്ങൾ ക്ഷണിച്ചു. അപകടത്തിന്റെ കാരണങ്ങൾ കണ്ടെത്താനും ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ഒഴിവാക്കാനുള്ള നിർദ്ദേശങ്ങൾ ശുപാർശ ചെയ്യാനുമാണ് നടപടി.

**********************************************************************************************************************

*************************************************************************************